ദേശാഭിമാനി E-PAPER

18-09-2025 Kottayam 23 Page 23

സിതാറാം യെച്ചൂരി അനുസ്മരണം

പന്തളം

ഇളനാട് ലോക്കൽ കമ്മിറ്റിയിൽ സി താറാം യെച്ചൂരി അനുസ്മരണം നടന്നു. സിപിഐ എം പന്തളം ഏരിയ കമ്മിറ്റിയംഗം എസ് കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. കെ കെ ശ്രീധരൻ അധ്യക്ഷനായി. കെ ജി മോൾ, എം ടി കുട്ടപ്പൻ, സനൽ, ഷാജി, പി ടി സുരേഷ്, ജോസ് വർഗീസ് എന്നിവർ സംസാരിച്ചു.

കുടുംബശ്രീ എഡിഎസ് വാർഷികം

വള്ളിക്കോട്

പഞ്ചായത്ത് കൈപ്പട്ടൂർ രണ്ടാം വാർഡ് കുടുംബശ്രീ എഡിഎസിന്റെ 23–ാമത് വാർഷികം ആഘോഷിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ എസ് ആഷില ഉദ്ഘാടനം ചെയ്തു. എഡിഎസ് പ്രസിഡന്റ് ബിന്ദു സുരേഷ് അധ്യക്ഷയായി. വള്ളിക്കോട് പഞ്ചായത്ത് പ്രസിഡന്റ് ആർ മോഹനൻ നായർ വാർഡിലെ മുതിർന്ന കുടുംബശ്രീ അംഗങ്ങളെ ആദരിച്ചു. സിഡിഎസ് ചെയർപേഴ്സൺ സതിത മുരളി മുഖ്യപ്രഭാഷണം നടത്തി. കുടുംബശ്രീയിൽ ഹാജർ നിലവാരം കൂടുതലുള്ള അംഗങ്ങൾക്ക് യോഗത്തിൽ സമ്മാനം നൽകി.

കിളിക്കൊഞ്ചൽ സീസൺ 5

സമ്മാനം വിതരണം ചെയ്തു

'കിളിക്കൊഞ്ചൽ സീസൺ 5' കവിതാലാപന മത്സരവിജയികൾക്കുള്ള സമ്മാന വിതരണം ചെയ്യുന്നു

തൃശൂർ

അന്തരിച്ച ഗാനരചയിതാവ് അനിൽ പനച്ചൂരാന്റെ സ്മരണാർഥം കൈരളിയുടെ ബ്രഡേഴ്സ് ഗ്രന്ഥശാല ആൻഡ് സാംസ്കാരികകേന്ദ്രം സംഘടിപ്പിച്ച 'കിളിക്കൊഞ്ചൽ സീസൺ 5' കവിതാലാപന മത്സരവിജയികൾക്കുള്ള സമ്മാനവിതരണം നടന്നു. ഡോ. ഗൗരി ലക്ഷ്മിയെയും ഡോ. ദേവിക രാജിവിനെയും ആദരിച്ചു. പരിപാടിയുടെ ഭാഗമായി പ്രതിഭാസംഗമവും എസ്എസ്എൽസി, പ്ലസ്ടു വിജയികൾക്കുള്ള അവാർഡുദാനവും നടന്നു.

സംഗീതജ്ഞൻ മണക്കാലം ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ബ്രഡേഴ്സ് പ്രസിഡന്റ് വി മർ കൈതമുള്ള അധ്യക്ഷനായി.

എഴുത്തുകാരി യമുന ഹരീഷ്, അധ്യാപകരായ ശുഭനാട് രാധാകൃഷ്ണൻ, ശ്രീപ്രസാദ്, ബിനു വെള്ളച്ചിറ, ബി കെ ബിജു, കെ വിശ്വനാഥൻ, എസ് ബൈജു, വി ബിജു, സച്ചിൻ എസ് നായർ, അഭിജിത്ത്, എസ് ആർദ്ര്, ജെ രാജി, ജി ജയലക്ഷ്മി, ചിന്നു വിജയൻ, രാഹുൽ കൈതമുള്ള, നന്ദാമാത്തിൽ, എസ് അഭിലാഷ് എന്നിവർ സംസാരിച്ചു.

സംസ്ഥാനത്തുടനീളമുള്ള നൂറിലധികം മത്സരാർഥികൾ ഗാനാലാപന വിഡിയോയ അയച്ചാണ് ആദ്യാന്യൗണ്ടിൽ മത്സരത്തിൽ പങ്കെടുത്തത്. അതിൽ നിന്ന് തെരഞ്ഞെടുത്ത ഏറ്റവും മികച്ച അഞ്ച് മത്സരാർഥികളാണ് ഫൈനൽ റൗണ്ടിൽ മത്സരിച്ചത്. കൊല്ലം ചിന്നക്കടയിൽ നിർമിച്ച സ്റ്റേജിൽ ഒന്നാംസ്ഥാനം നേടി. ആറായുള്ള സുമേധി നയന അറിൽ രണ്ടാംസ്ഥാനവും പുനലൂർ സുമേധി ആഷ്ലി അന്ന ജോസഫ് മൂന്നാംസ്ഥാനവും ചേർത്തല സുമേധി ജിയാന സെയ്ലിൻ ഹരോൾഡ് നാലാം സ്ഥാനവും പിരപ്പൻകോട് സുമേധി എസ് എസ് നീലിമ അഞ്ചാം സ്ഥാനവും നേടി.

കരയോഗം കുടുംബസംഗമം

പന്തളം

പന്തളം തെക്കേക്കര എൻഎസ്എസ് കരയോഗത്തിന്റെയും വനിതാ സമാജത്തിന്റെയും കുടുംബസംഗമവും ഓണാഘോഷവും പന്തളം താലൂക്ക് യൂണിയൻ പ്രസിഡന്റ് പന്തളം ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. കരയോഗ പ്രസിഡന്റ് കെ എസ് ജയകൃഷ്ണൻ അധ്യക്ഷനായി. പ്രതിനിധി സമ്മേളനം എ കെ വിജയൻ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി സി വിജയകുമാർ, ആർ നാരായണക്കുറുപ്പ്, മിത നരേന്ദ്രനാഥ്, സി കെ വേലായുധൻ, പി ആർ പുരുഷോത്തമൻ പിള്ള, വനിതാസമാജം പ്രസിഡന്റ് തങ്കമണി എസ് കുമാരി, സെക്രട്ടറി വിജിമുമാരി എന്നിവർ സംസാരിച്ചു. മികച്ച വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു. ചികിത്സാസഹായ വിതരണവും നടന്നു.

ലൈസൻസ് എടുക്കണം

പത്തനംതിട്ട

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാര വ്യവസായ സംരംഭക സ്ഥാപനങ്ങളും 2025–26ലെ ലൈസൻസ് മറന്നുള്ളിൽ എടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: 0473422898.

കുറ്റൂർ പഞ്ചായത്തിന് ഹരിതകേരളം പച്ചത്തുരുത്ത് പുരസ്കാരം

കേരള മിഷന്റെ പച്ചത്തുരുത്ത് പുരസ്കാരം കുറ്റൂർ പഞ്ചായത്ത് പ്രസിഡന്റ് അമ്പലാല സുരേഷ്, ഭരണസമിതിയംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഏറ്റുവാങ്ങുന്നു

തിരുവല്ല

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പുരസ്കാരം കുറ്റൂർ പഞ്ചായത്തിന്. മുള്ളത്തുരുത്തുകളുടെ വിഭാഗത്തിലാണ് മികച്ച സ്ഥാനം നേടിയത്. പുരസ്കാരം തിരുവനന്തപുരം 50 ഗോൾ തിയേറ്ററിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് അനുരാധ സുരേഷ്, വൈസ് പ്രസിഡന്റ് സാലി ജോൺ, സ്ഥിരസമിതി അധ്യക്ഷ ശ്രീജ ആർ നായർ, അംഗങ്ങളായ ജോഇലഞ്ഞിമൂട്ടിൽ, ടി കെ പ്രസന്നകുമാർ, ശ്രീവല്ലഭൻ നായർ, ആൽഫ അമ്മജിനി ജേക്കബ്, വി ബിനു, എൻആർഇഎസ് എൻജിനീയർ പോൾ ചാക്കോ മാർട്ടിൻ, ടെക്നിക്കൽ അസിസ്റ്റൻറ് മാരായ അംബിക പി എൻ, ലെനി ബേബി, വി സുധ വിനോദ്, ഹരിത കേരള മിഷൻ ജില്ല കോഡിനേറ്റർ ജി അനിൽ കുമാർ, ഹരിത കേരള മിഷൻ പഞ്ചായത്ത് ആർ പി രാഹുൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

പന്തളം കെ പി കവിതാ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

പന്തളം

2025ലെ കവി പന്തളം കെ പി രാമൻ പിള്ള സ്മാരക കവിതാ പുരസ്കാരത്തിന് പന്തളം കാറ്റു നിർമാതാവ് കൃതികൾ ക്ഷണിച്ചു. 2022–2023 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച കാവ്യസാഹാരത്തിന്റെ രണ്ടു കോപ്പികൾ, ആനന്ദിനാൽ,സെക്രട്ടറി, കാറ്റുനിർമ്മാതാവ്, മങ്ങാരം, പന്തളം ഇം പി ഒ, പത്തനംതിട്ട 689501, എന്ന വിലാസത്തിൽ അയച്ചു കൊടുക്കണം. കൃതികൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 20. ഫോൺ: 9446423446

ഡോ. എം എസ് സുനിലിന്റെ 360-ാമത് സ്നേഹഭവനം ബിന്ദുവിന്

പത്തനംതിട്ട

സാമൂഹിക പ്രവർത്തക ഡോ. എം എസ് സുനിൽ പണിത് നൽകുന്ന 360 മത് സ്നേഹഭവനം ജോണിന്റെയും നിയതുടെയും സഹോദരത്താൽ കോന്നി കിങ്ങിണി കുടുതലത്തിൽ വിധവയായ ബിന്ദു സുരേഷിനും കുടുംബത്തിനും നിർമിച്ചു നൽകി. വീടിന്റെ താക്കോൽ പ്രസ് ക്লബ് സെക്രട്ടറി ജി വിശ്വനാ൥ കൈമാറി. 2017 ൽ ബിന്ദുവിന്റെ ഭർത്താവ് മാധ്യമപ്രവർത്തകനായ സുരേഷ് മല്ലശ്ശേരി മരണപ്പെട്ടിരുന്നു. രണ്ട് കുഞ്ഞുങ്ങളുമായി സ്വന്തമായ സ്ഥലമോ വീടോ ഇല്ലാതിരുന്ന ബിന്ദുവിന്റെ അവസ്ഥമാധ്യമപ്രവർത്തകർ എം എസ് സുനിലിന്റെ ശ്രദ്ധയിൽ പെടുത്തുകയായിരുന്നു. ചിറ്റാർ മണക്കയത്ത് 5 സെന്റ് സ്ഥലവും 650 സ്വയർഫീറ്റ് വലിപ്പമുള്ള വീട് നിർമിച്ചു നൽകി. പടങ്ങിൽ പ്രൊജക്ട് കോ ഓർഡിനേറ്റർ കെ പി ജയലാൽ, സി ബാബു എന്നിവർ സംസാരിച്ചു.

അക്രമത്തിൽ പ്രതിഷേധിച്ചു

വി. കോട്ടയം

ജനതാ ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ തിരുവോണനാളിൽ നടന്ന ഓണാഘോഷത്തിൽ വാഹനങ്ങളിലെത്തി സ്ത്രീകളായും കുട്ടികളെയും ഉൾപ്പെടെ മർദിച്ച പരിപാടികൾക്ക് അവതരണമെടുത്ത അതിയതിനെതിരെ പ്രതിഷേധയോഗം നടത്തി. ഈ പ്രദേശം കേന്ദ്രകരിച്ച് ലഹരി വിൽപ്പന യും ഉപയോഗവും നടത്തുന്ന പുറത്തുനിന്നെത്തിയ യുവാക്കളാണ് അക്രമത്തിന് നേതൃത്വം നൽകിയത്. നാലിലധികം വാഹനങ്ങളിലും ഇരുചക്രവാഹനങ്ങളിലുമായി എത്തിയ 30ഓളം ആളുകളാണ് മർദനത്തിനു പിന്നിൽ. കോന്നി പൊലീസ് എത്തിയപ്പോഴേക്കും അക്രമികൾ കടന്നുകളഞ്ഞു. പൊലീസ് കേസെടുത്തിട്ടുണ്ട്.

പ്രതിഷേധയോഗം ജില്ലാ പഞ്ചായത്തംഗം നോബിൻ പീറ്റർ ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാലാ പ്രസിഡന്റ് ജോസ് പനച്ചിമൂലിൽ അധ്യക്ഷനായി.

ലഹരി മാഫിയകൾക്കും ഗുണ്ടകൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും പൊലീസ്, എക്സൈസ് വിഭാഗങ്ങൾ പട്രോളിങ് ശക്തമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ബ്ലോക്കംഗം കെ ആർ പ്രമോദ്, പ്രസിയ തമ്പി, സിപിഐ എം എരിയ കമ്മറ്റിയംഗം കെ ആർ ജയൻ, ലോക്കൽ കമ്മിറ്റിയംഗം പി ജി പുഷ്പരാജൻ, എം കെ വിജയൻ, ഡി സജി, ജി ഹൃദയകുട്ടി, ഷിബു ചെറിയാൻ, ബിനോ തോമസ് എന്നിവർ സംസാരിച്ചു.

കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ നേതൃത്വത്തിൽ നടന്ന അംഗത്വ ക്യാമ്പയിനും അംശാദായ കുടിശ്ശിക നിവാരണവും പ്രവാസികേരള ബോർഡ് ഡയറക്ടർ ജോർജ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു

അംഗത്വ ക്യാമ്പയിനും കുടിശ്ശിക നിവാരണവും

കോഴഞ്ചേരി

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രവാസി കേരളീയർക്കായി ജില്ലയിൽ അംഗത്വക്യാമ്പയിനും അംശദായ കുടിശ്ശിക നിവാരണവും നടത്തി. കോഴഞ്ചേരി മാരാമണ് മാർത്തോമാ റിട്രീറ്റ് സെന്ററിൽ നടന്ന പരിപാടി പമ്പരത്തു. 60 പേർ പുതിയ അഭിസ്ഭേഷനുള്ള നടപടി പൂർത്തിയാക്കി. 75 അംഗങ്ങൾ കുടിശ്ശിക യടച്ച് നഷ്ടപ്പെട്ട അംഗത്വം പുതുക്കി. സജാംഗം പ്രതീപ് കുമാർ എന്നിവർ സംസാരിച്ചു.

മുന്നുദിലധികം പ്രവാസികൾ ക്യാമ്പയിൻിൽ പങ്കെടുത്തു. 60 പേർ പുതിയ അഭിസ്ഭേഷനുള്ള നടപടി പൂർത്തിയാക്കി. 75 അംഗങ്ങൾ കുടിശ്ശിക യടച്ച് നഷ്ടപ്പെട്ട അംഗത്വം പുതുക്കി.

ഓണഘോഷവും അനുമോദനവും

മൈലപ്ര

ലൈഫ് കെയർ സൊസൈറ്റി മൈലപ്ര മേഖലാ കുടുംബസമിതി, പഞ്ചായത്തുമുട്ടം ബാലജനസമിതി എന്നിവയുടെ സംയുക്തമായി മുഖ്യത്തിൽ ഓണാഘോഷവും അനുമോദനവും നടത്തി. മൈലപ്ര പഞ്ചായത്തംഗം കെ എസ് പ്രതാപൻ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ഇ കെ മോഹനൻ അധ്യക്ഷനായി. മൊറോക്കൊസി സർവകലാശാലയിൽനിന്ന് എം എസ് സി കമ്പ്യൂട്ടർ സയൻസിന് നാലാംറാങ്ക് നേടിയ അശ്വതി അശോകനെ അനുമോദിച്ചു. സാമൂവൽ കെ പീറ്റർ, പി അർ രാജീവ് കുമാർ, അശോക് കുമാർ, കെ ജി അനിതകുമാരി, വിപ്ലു ബാബു എന്നിവർ സംസാരിച്ചു.

ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

പത്തനംതിട്ട

ജില്ലയിലെ കൃഷി ഭവനുകളിലേക്ക് 180 ദിവസത്തെ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം. യോഗ്യത: ബോട്ടോക്കണൽ ഹോർട്ടസെൻഡേഡിന് (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ ഓർഗാനിക് ഫാമിങ്. പ്രായപരിധി: 18മുതൽ 41വരെ. അവസാന തീയതി 27. അപേക്ഷ ഓൺലൈനായോ കൃഷിഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലോ നേരിട്ട് സമർപ്പിക്കാം. വെബ്സൈറ്റ്: www.keralaagriculture.gov.in ഇമെയിൽ: paopathanamthitta@gmail.com ഫോൺ: 0468 2222597.

ക്ഷേത്ര ഭാരവാഹികൾ

പന്തളം

തട്ടയിൽ ശ്രീ ധർമമശാസ്താ ക്ഷേത്രത്തിലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഭാരവാഹികളായി വാസുദേവൻ പിള്ള (പ്രസിഡന്റ്), ശ്രീകുമാർ ശാസ്യാരം (സെക്രട്ടറി), യശോധരൻ (വൈസ് പ്രസിഡന്റ്), പൊന്നപ്പൻ ആചാരി (ജോയിന്റ് സെക്രട്ടറി), സന്തോഷ് കുമാർ, അനിൽ (ജനറൽ കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു.

കരയോഗം ഭാരവാഹികൾ

പന്തളം

കടയ്ക്കാട് വടക്ക് 1798–ാം നമ്പർ ശ്രീവിലാസം എൻഎസ്എസ് കരയോഗം ഭാരവാഹികളായി ജി അരുൺകുമാർ (പ്രസിഡന്റ്), ജി ഹരികുമാർ (വൈസ് പ്രസിഡന്റ്), ടി കെ രാജൻ പിള്ള (സെക്രട്ടറി), എൻ ഹരികുമാർ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

കല്ലേലിക്കാവിൽ പൂജ

കോന്നി

കന്നി മാസപ്പിറവിയുമായി ബന്ധപ്പെട്ട് കല്ലേലി ഊരാളി അപ്പൂപ്പൻ കാവിൽ 999 മലയുടെ സ്വർണ മലക്കൊടി പൂജയും മലവിളി പൂജയും 41 ഊപ്പടി പൂജയും നടത്തി. എല്ലാ മലയാളമാസം ഒന്നാം തിയതിയും നിലവറ തുറന്ന് മലക്കൊടി ദർശനത്തിന് തുറന്നുനൽകും. തുടർന്ന് മലവിളിന്റെ പൂജയും 41 ഊപ്പടി പൂജയും സമർപ്പിക്കും.

വിശ്വകർമ്മ സൊസൈറ്റി പത്തനംതിട്ടയുടെ നേതൃത്വത്തിൽ നടത്തിയ വിശ്വകർമ്മ ദിനാഘോഷം ആർ അയ്യപ്പൻ ഉദ്ഘാടനം ചെയ്യുന്നു

വിശ്വകർമ്മദിനം ആചരിച്ചു

പത്തനംതിട്ട

വിശ്വകർമ്മ സൊസൈറ്റി സംഘടനയുടെ നേതൃത്വത്തിൽ വിശ്വകർമ്മദിനത്തിൽ പതാക ഉയർത്തിയും, പുഷ്പാർച്ചനയും നടത്തിയും വിശ്വകർമ്മദിനം ആചരിച്ചു. വിശ്വകർമ്മ സൊസൈറ്റി പത്തനംതിട്ട സമുദായ സംഘടനയുടെ പ്രസിഡന്റ് ആർ അയ്യപ്പൻ ഉദ്ഘാടനം ചെയ്തു.

സൊസൈറ്റി വൈസ് പ്രസിഡന്റ് പി അനന്ത കൃഷ്ണൻൻ അധ്യക്ഷനായി. രാജേഷ് ആനപ്പാറ, ബിജു മൈലപ്ര, ജി കാളിദാസൻ,കെ കെ ധനപാലൻ, എസ് ശൈലൻൻ, വിഎൻ ശൈലേശ്വരമ്മാർ, രാജു തോപ്പിൽ, ഇ പി ശൈലേന്ദ്രൻ, കെ ശ്രീകുമാർ, സജിമോഹൻ, ശോപാല കൃഷ്ണനാചാരി, പി ജി വിജയലക്ഷ്മി, എം എസ് സുമിത, രാജി കെ ശിവൻ, എ ആർ ശ്രീദേവി, സേതുലക്ഷ്മി അമ്മാൾ, പി ജയ, ഉഷ, ആർ ലേഖ, രമണി എന്നിവർ സംസാരിച്ചു.

പന്തളം

അഖില കേരള വിശ്വകർമ്മ മഹാസഭ മുട്ടമ്പള്ളി താലൂക്ക് യൂണിയൻ നേതൃത്വത്തിൽ വിശ്വകർമ്മദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ ഘോഷയാത്ര

അവഗണിച്ചു

പത്തനംതിട്ട

ജില്ലയിലെ നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിലേക്ക് കരാർ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് പർപ്പസ് (വർക്കേർ ഫിസിയോതെറാപ്പി യൂണിറ്റ്), തെറാപ്യൂട്ടിസ്റ്റ് എന്നീ തസ്തികകളിലാണ് നിയമനം. അവസാന തീയതി 29. വെബ്സൈറ്റ്: www.nam.kerala.gov.in/careers ഫോൺ: 0468 2995008

ബിഎസ്എൻഎൽ മേള ഇന്ന്

മല്ലപ്പള്ളി

ബിഎസ്എൻഎൽ മേള വ്യാഴം പകൽ 11 മുതൽ കല്ലുപ്പാറ ജങ്ഷനിൽ നടക്കും. പ്രതിമാസം 399 രൂപ മുതൽ ഉള്ള പ്ലാനുകളിൽ 40 എം ബി പി എസ് മുതൽ 300 എം ബി പി എസ് വരെ വേഗതയുള്ള ബിഎസ്എൻഎൽ ഫൈബർ ഫൈസ്റ്റിഡ് ഇന്റർനെറ്റ് കണക്ഷൻ സൗജന്യ മോഡം ഉൾപ്പെടെ നൽകും. പഴയ ലാൻഡ് ഫോണുകൾ അതേ നമ്പറിൽ തന്നെ വെറ്റിക്കൽ ഫൈബർ കണക്ഷനായി പുനഃസ്ഥാപിക്കാം. ബിഎസ്എൻഎൽ പുതിയ മൊബൈൽ കണക്ഷൻ എടുക്കുന്നതിനും, മൊബൈൽ നമ്പർ ബിഎസ്എൻഎലിലേക്ക് പോർട്ട് ചെയ്യുന്നതിനും പഴയ സിം 4 ജി യിലേക്ക് സൗജന്യമായി അപ്ഗ്രേഡ് ചെയ്യുന്നതിനും സാധിക്കും. ഈ സൗകര്യം ചെയ്യാക്കാൻ ആധാർ കാർഡുമായി എത്തുക. മൊബൈൽ: 9188921604

KERALA BANK Kerala State Co-operative Bank

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

റീജിയണൽ ഓഫീസ്, ആലപ്പുഴ

ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ–മെയിൽ: alpro@keralabank.co.in

വസ്തു ഇ – ലേല വിൽപ്പന പരസ്യം

നെടുമ്പിള്ളിക്കുന്നേലത്ത് ഉം നീലകണ്ഠസ്വാമി ഓഫ് ചിറ്റൻകുളത്ത് അയ്യസ്വാമി ആന്റ് എൻകോഴ്സിക്കന്റ് ഓഫ് നെടുമ്പിള്ളി ഇന്ദുമതി ആക്ട് 2002, വകുപ്പ് 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ–ലേല വിൽക്കാൻ നോട്ടീസ് (ഓൺലൈൻ മുഖേനയിലെ) താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്രകാരം ഇടയാണത്തിൽ കൈവശപ്പെടുത്തിയതാകുന്നു. സ്വാധാരണമായി, വസ്തുവകകൾ നിലവിലുള്ള സ്ഥിതിയിൽ അടയാളമ് 'എവിടെയോണോ, എങ്ങനെയാണോ, എന്തൊക്കെയാണോ' എന്ന അടിസ്ഥാനത്തിൽ **20.10.2025-ാം തീയതി വൈകിട്ട 11.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ** വിൽക്കാനാ നടത്തുന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽ വിലാസവും	ഭാരം, സ്ഥാന നമ്പർ, ബാങ്ക് നിരക്ക് തുക	റിസർവ്വ് തുക	ഇ.എം.ഡി തുക	ഇനത്തിന്റെ വിവരങ്ങൾ
1	(1) പി.കെ. വിജയൻ, കൈത്തോട്ട് മേത്തൽ, കുമ്പളക്കര പി.ഒ., കുമ്പളക്കര (2) കുഞ്ഞുമുട്ടി, കൈത്തോട്ട് മേത്തൽ, കുമ്പളക്കര പി.ഒ., കുമ്പളക്കര	ഇടയ്ക്കുള്ള 117660356000957 10.09.2025 വരെ Rs. 11,13,526/-	Rs. 72,000/-	Rs. 7,200/-	കുന്നനുകുടിയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 428/7ൽ ഉൾപ്പെട്ട 54.86 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ **കിഴക്ക്** തുമ്പനിവടൻ വക വസ്തു, **തെക്ക്** തങ്കമ്മ കൈതോട്ട് വക വസ്തു, **പടിഞ്ഞാറ്** വടക്ക് ഉണ്ണിത്താൻ വക വസ്തു, **വടക്ക്** പത്രോസ് ഔസേ.
2	(1) ടോമി ജോർജ് പടിഞ്ഞാറ്റേൽ, പുതുക്കുളം ഇളമണ്ണിൽ പി. ഒ. (2) ജിജോമ്മി എം.കെ., കെട്ടശ്ശേരിക്ക് പടിഞ്ഞാറ്റേൽ, പുതുക്കുളം, ഇളമണ്ണിൽ പി.ഒ. (3) പ്രസന്നൻ, ചെറുവിള വീട്, നെടുമ്പനമൂട്, അഴൂർ വില്ലേജ് ആർ.എസ്. പി.ഒ. (4) ബേബി, ചെറുവിള വീട്, നെടുമ്പനമൂട്, അഴൂർ വില്ലേജ് ആർ.എസ്. പി.ഒ.	ഇടയ്ക്കുള്ള 117660356000466 10.09.2025 വരെ Rs. 26,63,411/-	Rs. 3,00,000/-	Rs. 30,000/-	മിച്ചിക്കാട്ടുവയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 18/27ൽ ഉൾപ്പെട്ട 9.80 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ **കിഴക്ക്** ബോചക്കൽ വക വസ്തു, **തെക്ക്** സാമുവൽ ഔസേ വക വസ്തു, **പടിഞ്ഞാറ്** പുഴയ്ക്കൽ വഴി, **വടക്ക്** ജോസഫാൻ വക വസ്തു.
3	(1) ജെയിംസ്കുമാർ ആർ., മാളികത്തേൽ, കുന്നത്തു, കുമ്പളക്കര പി.ഒ. (2) രാധകുമാർ കുമാറ്, മാളികത്തേൽ, കുന്നത്തു, കുമ്പളക്കര പി.ഒ. (3) പ്രതാപകുമാർ ആർ. മാളികത്തേൽ, കുന്നത്തു, കുമ്പളക്കര പി.ഒ.	ഇടയ്ക്കുള്ള 117660356000617 10.09.2025 വരെ Rs. 36,04,555/-	Rs. 12,80,000/-	Rs. 1,28,000/-	ഓമല്ലൂരു കുറ്റൂക്കിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 263/5ൽ ഉൾപ്പെട്ട 6.45 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ **കിഴക്ക്** പിറാവിത്തോട്ടം വക വസ്തു, തുമ്പമണ്ണിൽ ഉള്ളിത്തോൻ വക വസ്തു, ഔസേ. **തെക്ക്** തുമ്പമണ്ണിൽ ഉള്ളിത്തോൻ വക വസ്തു, **പടിഞ്ഞാറ്** ഔസേ, **വടക്ക്** മുവാലത്തിൽ വക വസ്തു.
4	(1) ഗ്രേസിബേബി ആർ., കൊടുവത്തിൽ പുത്തൻവീട്, കുമ്പളക്കര പി.ഒ. (2) ഡോർകൊച്ച്, കൊടുവത്തിൽ പുത്തൻവീട്, കുമ്പളക്കര പി.ഒ.	ഇടയ്ക്കുള്ള 117660356000935 10.09.2025 വരെ Rs. 30,99,780/-	Rs. 11,00,000/-	Rs. 1,10,000/-	ഇടപ്പരിത്തിയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 422/12ൽ ഉൾപ്പെട്ട 8.10 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ **കിഴക്ക്** പങ്കാവത്ത് റോഡ് **തെക്ക്** കണ്ടിയിലത്ത് വക വസ്തു, **പടിഞ്ഞാറ്** കോളുത്ത് വക വസ്തു, **വടക്ക്** ചെമ്പുന്നിൽ വക വസ്തു.
5	(1) ബാബുമോൻ ആർ., കത്തിക്കാൽ വീട്, കുമ്പളക്കര പി.ഒ. (2) അലിക്കുഞ്ഞ്, കത്തിക്കാൽ വീട്, കുമ്പളക്കര പി.ഒ.	ഇടയ്ക്കുള്ള 117660356000877 10.09.2025 വരെ Rs. 24,92,846/-	Rs. 18,96,000/-	Rs. 1,89,600/-	ബാബുമോൻ ആർ. പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 414/3ൽ ഉൾപ്പെട്ട 24.28 ആർ സ്ഥലവും റീ സർവ്വേ നമ്പർ 413/3ൽ ഉൾപ്പെട്ട 05 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ വസ്തു 1 **കിഴക്ക്** ഗീവർഗീസ് പിള്ള വക വസ്തു, **തെക്ക്** എബ്ര, **പടിഞ്ഞാറ്** മാവേലി പിള്ളയുടെയും കുഞ്ഞൻ പിള്ളയുടെയും വസ്തു, **വടക്ക്** ഔസേഫ് പിള്ള വക വസ്തു, അതിരുകൾ വസ്തു 2 **കിഴക്ക്** തുമ്പമ്പ് വക വസ്തു, **തെക്ക്** ഔസേ, **പടിഞ്ഞാറ്** ഔസേഫാൻ പിള്ള വക വസ്തു, **വടക്ക്** ബാബുമോൻ വക വസ്തു.
6	(1) പുഷ്പാ ബൈജു, ആലപ്പാട്ടത്ത് പുത്തൻവീട്, മാമൂട് പി.ഒ. (2) ബൈജുമോൻ, ആലപ്പാട്ടത്ത് പുത്തൻവീട്, മാമൂട് പി.ഒ.	ഇടയ്ക്കുള്ള 117660356000025 10.09.2025 വരെ Rs. 5,08,028/-	Rs. 1,00,000/-	Rs. 10,000/-	പുഷ്പാ ബൈജുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, എസാദിംബേല വില്ലേജിൽ, റീ സർവ്വേ നമ്പർ 389/1ൽ ഉൾപ്പെട്ട 5.10 ആർ സ്ഥലവും മുകളിൽ പറയുന്ന പ്രകാരമുള്ള അതിരുകൾ **കിഴക്ക്** ശശിധരൻ വക വസ്തു, **തെക്ക്** ശശിധരൻ വക വസ

Copyrights © 2025. All Right Reserved.